## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :*644** 30.07.2015 ൽ മറുപടിക്ക്

# പരമ്പരാഗത വ്യവസായങ്ങളുടെ ആധുനികവൽക്കരണം

**ചോദ്യം**

ശ്രീ.പി.കെ.ഗുരുദാസൻ
ശ്രീ.കൊടിയേരി ബാലകൃഷ്ണൻ
ശ്രീ.സി.കൃഷ്ണൻ
ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

(എ) പരമ്പരാഗത വ്യവസായങ്ങളെ ആധുനികവൽക്കരിച്ച് വിപണിയിൽ മറ്റ് ഉൽപ്പന്നങ്ങളോട് മത്സരിക്കാൻ കഴിയുന്ന തരത്തിൽ സജ്ജമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(എ) പരമ്പരാഗത വ്യവസായങ്ങളെ ആധുനികവൽക്കരിക്കുന്നതിനു വേണ്ടി വിവിധ തലത്തിലുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. പരമ്പരാഗത കൈത്തറി വ്യവസായ മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ യന്ത്രസാമഗ്രികളും ഉപകരണങ്ങളും ആവശ്യമായ പരിശീലനങ്ങളും നൽകിയിട്ടുണ്ട്. സാരികളിൽ സോളിഡ് ബോർഡർ, ബുട്ടാ ഡിസൈൻ തുടങ്ങിയവ ചെയ്ത് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു. ഓർഗാനിക് കൈത്തറി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ ഓർഗാനിക് ഡൈയിംഗ് പരിശീലനം നടത്തി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു. ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി പ്രകാരം പ്രീലൂം പ്രോസസ്സിംഗിൽ ഐ.ഐ.എച്ച്.റ്റി വികസിപ്പിച്ചെടുത്ത ഗുണമേന്മയേറിയ വാർപ്പ് ഉൽപ്പാദിപ്പിക്കുന്നതിന് സഹായകരമായ സ്പൂൾ വാർപ്പിംഗ് മെഷീൻ കൈത്തറി സഹകരണ സംഘങ്ങൾ ഉപയോഗിച്ചു വരുന്നുണ്ട്. ആധുനിക രീതിയിലുള്ള ഡൈയിംഗ് നടത്തുന്നതിന് കാബിനറ്റ് ഡൈയിംഗ് മെഷീനുകളും ഈ മേഖലയിലെ കായിക അധ്വാനം കുറക്കുന്നതിനുവേണ്ടി ന്യൂമാറ്റിക് ജക്കാർഡുകളും സ്ഥാപിച്ചിട്ടുണ്ട്.

പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള കശുവണ്ടി വികസന കോർപറേഷന്റെ ഫാക്ടറികൾ ആധുനിക വൽക്കരിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ളതായി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഫാക്ടറി ഷെഡ്ഡുകളുടെ നവീകരണം, ഇലക്ട്രിക് ബോർമ സ്ഥാപനം, ഫ്ലക്സി പായ്ക്കിംഗ് സിസ്റ്റം, തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിലുള്ള വിവിധ പദ്ധതികൾ , ഉൽപ്പന്നങ്ങളുടെ

വൈവിധ്യ വൽക്കരണം എന്നിവ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതാണ്. കൂടാതെ കോർപറേഷന്റെ അയത്തിൽ ഫാക്ടറി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.എസ്.ഒ സർട്ടിഫൈഡ് കമ്പനിയായി മാറ്റിയിട്ടുള്ളതുമാണ്. സി.ഡി.സി കാഷ്യൂസ് എന്ന ബ്രാന്റ് നെയിമിൽ കോർപറേഷൻ വിപണിയിൽ ഇറക്കുന്ന ഉൽപ്പന്നങ്ങൾക്ക് പുറമേ സി.എഫ്.റ്റി.ആർ.ഐ യുടെ സഹായത്തോടെ വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം ആരംഭിച്ചിട്ടുള്ള താണ്. ഈ മേഖലയിലെ അപെക്സ് സഹകരണ സ്ഥാപനമായ കാപെക്സിന്റെ പത്ത് ഫാക്ടറികളിലും പാക്കിംഗ് സെന്ററിലും ആധുനികവൽക്കരണത്തിന്റെ ഭാഗമായി യന്ത്രസാമഗ്രികൾ സ്ഥാപിച്ചുവരുന്നു. വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി ഒൻപത് ഫാക്ടറികളിൽ സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ട്. ആധുനിക നിലവാരമുള്ള യന്ത്രങ്ങൾ വഴി ഉൽപ്പന്നങ്ങൾ ഗുണനിലവാരത്തോടെ പായ്ക്ക് ചെയ്തുവരുന്നു.

പരമ്പരാഗത കരകൗശല മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള കരകൗശല വികസന കോർപറേഷൻ തിരുവനന്തപുരത്ത് കോമൺഫെസിലിറ്റി സർവ്വീസ് സെന്റർ സ്ഥാപിച്ചിട്ടുള്ളതും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായ ത്തോടെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി വിവിധ മെഷീനറികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. ഈ മേഖലയിലെ മറ്റൊരു പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂകോർപറേഷൻ പനമ്പു നെയ്ത്ത് തൊഴിലാളികളുടെ അധ്വാനഭാരം ലഘൂകരിക്കുന്നതിനായി സാമൂഹിക യന്ത്രവൽകൃത പനമ്പ്നെയ്ത്ത് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളതും പനമ്പ് നെയ്യുവാൻ വേണ്ട അളി വിതരണം ചെയ്യുന്നതിനായി സ്ലീവറിംഗ് യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളതു മാണ്. ബാംബൂമേഖലയിലെ വൈവിധ്യ വൽക്കരണവും മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങ ളേയും ലക്ഷ്യമിട്ട് ബാംബൂഫ്ലോറിംഗ് ടൈൽസ് ഉൽപ്പാദിപ്പിക്കുന്നതിനായി കോർപറേഷൻ ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറി ആരംഭിച്ചു.

ടെക്സ്റ്റൈൽസ് ഡിസൈനിംഗ് & സാരി ഓർണമെന്റേഷൻ, ഫാൻസി ജ്വവലറി, പോട്ടറി ഡിസൈനിംഗ്, വുഡ് കാർവിംഗ്, കരകൗശല ഉൽപ്പന്ന നിർമ്മാണം എന്നിവയിൽ വിവിധ പരിശീലന പരിപാടികൾ പൊതുമേഖലാ സ്ഥാപനമായ

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ സർക്കാർ ധനസഹായത്തോടെ സംഘടിപ്പിക്കുന്നു.

പരമ്പരാഗത വ്യവസായ ഉൽപ്പന്നമായ ഖാദിക്ക് തനതായ ഒരു വിപണി ഇപ്പോൾ നിലവിലുണ്ട്. ഖാദി തുണിത്തരങ്ങൾ മില്ലുൽപ്പന്നങ്ങളോടോ, കൈത്തറിയോടോ മത്സരിച്ചിട്ടല്ല നിലനിൽക്കുന്നത്. വിളവെടുപ്പ് കാലത്തുതന്നെ ഗുണമേന്മയുള്ള പരുത്തി ശേഖരിച്ച് ഗുണമേന്മയുള്ള നൂൽ ഉൽപ്പാദിപ്പിക്കുന്നതിനും റെഡിമെയ്ഡ് പാവ് നിർമ്മിച്ചു നൽകി ഗുണമേന്മയുള്ള വസ്ത്രങ്ങൾ നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂരിൽ പൂർത്തിയാകുന്ന ഡൈയിംഗ് യൂണിറ്റ് പൂർണ്ണ സജ്ജമാകുന്നതോടെ നൂലും വസ്ത്രങ്ങളും നല്ലരീതിയിൽ ബ്ലീച്ചുചെയ്യുന്നതിനും ഡൈചെയ്യുന്നതിനും സാധിക്കുന്നതാണ്.

പരമ്പരാഗത കയർവ്യവസായത്തെ സംരക്ഷിക്കുന്നതിനായി നവീകരണ പ്രവർത്തനങ്ങളും ആധുനികവൽക്കരണവും ഒപ്പം വൈവിദ്ധ്യവൽക്കരണവും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയർമേഖലയെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി കയർമേഖലയിലെ എല്ലാത്തരം മെഷീനറികളും നിർമ്മിക്കുവാൻ കഴിയുന്ന ഒരു കയർ യന്ത്ര നിർമ്മാണ ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) പരമ്പരാഗത വ്യവസായങ്ങളെ ആധുനികവൽക്കരിക്കാതെ നിലനിർത്തുന്നതിന് സാദ്ധ്യമാകുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) പരമ്പരാഗത വ്യവസായങ്ങളെ ആധുനികവൽക്കരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) പരമ്പരാഗത കൈത്തറി മേഖലയിൽ ഐ.ഐ.എച്ച്.റ്റിയുടെ സഹായത്തോടെ നാനോ-ലൂം വികസിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ഇലക്ട്രോണിക് ഷട്ടിൽ ഉപയോഗിക്കുന്നതുകൊണ്ട് ഉൽപ്പാദന ക്ഷമത വർദ്ധിക്കുകയും അദ്ധ്വാനം കുറയുകയും ചെയ്യുന്നു. നൂതനങ്ങളായ ഡിസൈനുകൾ ഓൺലൈനിൽ നെയ്ത്തുകാരന്റെ ലൂമിൽ ലഭിക്കുന്നതിനായി വെബ് ബെയ്സ്ഡ് ഡിസൈൻ സെന്റർ തയ്യാറാക്കുന്നുണ്ട്. ആഗോളതലത്തിൽ മത്സരിക്കത്തക്ക ആധുനിക ഡിസൈനുകൾ ലഭ്യമാക്കുവാനും നടപടി സ്വീകരിച്ചു വരുന്നു. നെയ്ത്തിലുള്ള ആയാസം കുറയ്ക്കുവാനും കൂടുതൽ ഉൽപാദന ക്ഷമത ലഭിക്കുവാനും ലൂം മോഡിഫിക്കേഷൻ |

തുടർന്നും നടത്തുന്നതാണ്.

പരമ്പരാഗത കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള കശുവണ്ടി വികസകോർപറേഷനും സഹകരണ സ്ഥാപനമായ കാപെക്സും ആധുനിക വൽക്കരണത്തിന്റെ ഭാഗമായി ഫാക്ടറികൾ ഭാഗികമായി യന്ത്രവൽക്കരിക്കുന്നതിനും വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾക്ക് രൂപം നൽകി വരുന്നു.

പരമ്പരാഗത കരകൗശലമേഖലയിൽ ആധുനിക മെഷീനറികളും ഉപകരണങ്ങളും സ്ഥാപിക്കുക, പരിശീലന പരിപാടികളിലൂടെ ആധുനിക വൽക്കരണത്തിന്റേയും വൈദഗ്ധ്യ വികസനത്തിന്റേയും ആവശ്യം ഈ മേഖലയിൽ പണിയെടുക്കുന്നവരെ ബോദ്ധ്യപ്പെടുത്തി അത് പ്രയോജനപ്പെടുത്തുവാൻ അവരെ പര്യാപ്തരാക്കുക, ഉപഭോക്താവിന്റെ അഭിരുചിക്കനുസരിച്ച് പുതുമയുള്ള ഡിസൈൻ പ്രകാരം പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുക, പ്രദർശന വിൽപ്പനകൾ, ക്രാഫ്റ്റ്സ് ബസാറുകൾ എന്നിവ കൂടുതൽ വിപുലമായ രീതിയിൽ സംഘടിപ്പിക്കുക എന്നിവക്കായി പദ്ധതികൾക്ക് രൂപം നൽകി വരുന്നു.

ഖാദി മേഖലയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ചെന്നൈ ഐ.ഐ.റ്റി യുടെ സാങ്കേതിക സഹായത്തോടെ ഉൽപ്പാദനോപകരണങ്ങളായ ചർക്കയുടേയും തറികളുടേയും ആധുനികവൽക്കരണം ഉൾപ്പെടെയുള്ള നടപടികൾ ഉദ്ദേശിക്കുന്നുണ്ട്.

കയർമേഖലയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആധുനിക ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ വികസിപ്പിച്ചു വരുന്നു. അടൂർ കിൻഫ്ര പാർക്കിൽ കയർ കോർപറേഷന്റെ ആഭിമുഖ്യത്തിൽ ആധുനിക പി.വി.സി ടഫ്റ്റഡ് ഉൾപ്പെടെയുള്ള സംയോജിത യൂണിറ്റ് സ്ഥാപിക്കുവാൻ നടപടിസ്വീകരിച്ചു. കയർ മാറ്റ്സ് & മാറ്റിംഗ്സ് ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള കയർലൂമും വികസിപ്പിച്ചു വരുന്നു.

3/9/...

സെക്ഷൻ ഓഫീസർ